പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ: *321

10.05.2017 -ലെ മറുപടിക്ക്

## കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്രം പഞ്ചവൽസര പദ്ധതികൾക്ക് പകരമായി ആവിഷ്കരിക്കുന്ന പതിനഞ്ച് വർഷത്തേക്കുള്ള വികസന പദ്ധതികൾ അടങ്ങിയ ദർശനരേഖയുടെ കരടിന് നീതി ആയോഗിന്റെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത രേഖയിൽ കേരളത്തിന്റെ താത്പര്യങ്ങളും ആവശ്യങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദർശനരേഖയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) പഞ്ചവൽസര പദ്ധതികൾക്ക് പകരമായി കേന്ദ്രം ആവിഷ്കരിക്കുന്ന 15 വർഷത്തേക്കുള്ള ദർശനരേഖയുടെ കരട്, നീതി ആയോഗ് തയ്യാറാക്കി വരികയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals) സാമൂഹ്യലക്ഷ്യങ്ങളും (Social Goals) 15 കൊല്ലത്തിനുള്ളിൽ നേടിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ദർശനരേഖ, നീതി ആയോഗ് തയ്യാറാക്കി വരുന്നത്. സംസ്ഥാന സർക്കാർ 13-ാം പഞ്ചവൽസര പദ്ധതിയുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ച സാഹചര്യത്തിൽ സംസ്ഥാന പഞ്ചവൽസര പദ്ധതിയുടെ ഭാഗമായിട്ടുള്ള ലക്ഷ്യങ്ങൾ നീതി ആയോഗിനെ അറിയിച്ചിട്ടുണ്ട്. ദർശനരേഖയുടെ കരട് ലഭിച്ചതിനുശേഷം സംസ്ഥാനത്തിന്റെ താൽപര്യങ്ങളും ആവശ്യങ്ങളും അറിയിക്കുന്നതാണ്. ഇപ്പോൾ പതിനഞ്ച് |

വർഷത്തെ ദർശനരേഖയുടെ ആദ്യ മൂന്ന വർഷത്തെ ആക്ഷൻ അജണ്ടയുടെ കരട് നീതി ആയോഗ് അംഗീകരിച്ചിട്ടുണ്ട്.

(ബി) നീതി ആയോഗിന്റെ യോഗത്തിൽ അടുത്ത ഏഴ വർഷത്തെ ഇടക്കാല പദ്ധതിക്കും ആദ്യ മൂന്ന വർഷത്തെ കർമ്മ പദ്ധതിക്കും രൂപം നല്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ആസൂത്രണ ബോർഡിന്റെ നിലപാടുകൾ വ്യക്തമാക്കാമോ; ഏതു തരത്തിലുള്ള മാറ്റങ്ങളാണ് പദ്ധതി ആസൂത്രണങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഒരു പൊതുചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) 15 വർഷ ദർശനരേഖയുടെ ഭാഗമായി കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കായി 7 വർഷ സ്ട്രാറ്റജിയും 3 വർഷ ആക്ഷൻ അജണ്ടയും നീതി ആയോഗ് തയ്യാറാക്കി വരികയാണ്.

ഇതിൽ 3 വർഷ ആക്ഷൻ അജണ്ടയുടെ കരട് 23.04.2017-ൽ നടന്ന നീതി ആയോഗിന്റെ ഗവേണിംഗ് കൗൺസിലിൽ സമർപ്പിക്കുകയുണ്ടായി. പതിനാലാം ധനകാര്യ കമ്മീഷന്റെ അവശേഷിക്കുന്ന കാലയളവിൽ (2017-18 മുതൽ 2019-20 വരെ) കേന്ദ്രത്തിൽ സമാഹരിക്കാനുള്ള വരുമാനവും ചെലവും കണക്കിലെടുത്തുകൊണ്ട് സാമൂഹ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്ന തരത്തിൽ ചെലവിനത്തിൽ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ കരടിനെക്കുറിച്ച് നീതി ആയോഗ് സംസ്ഥാനങ്ങളോട് അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇത് പഠിച്ചതിനുശേഷം സംസ്ഥാനത്തിന്റെ താൽപര്യങ്ങളും ആവശ്യങ്ങളും ഉറപ്പുവരുത്തിക്കൊണ്ടു മാത്രമെ ഈ കരട് അംഗീകരിക്കുകയുള്ളൂ എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

സെക്ഷൻ ഓഫീസർ